**ഏസി.എച്ച്/2018**

**24.10.2018.**

# പത്രക്കുറിപ്പ്

**കേരള സർവകലാശാല ഒന്നാം വർഷ പി.ജി. പ്രവേശനം, 2018**

**ഓൺലൈൻ അപേക്ഷയിൽ തിരുത്തലിന് അവസരം**

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിലും (ഗവ./എയ്ഡഡ്/സ്വാശ്രയ/ഐ.എച്ച്.ആർ.ഡി.) യു.ഐ.ടി.കളിലും ബിരുദാനന്തരബിരുദ (പി.ജി.) പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ള (http://admissions.keralauniversity.ac.in) വിദ്യാർത്ഥികൾക്ക് ഓൺലൈൻ അപേക്ഷയിൽ നൽകിയിട്ടുള്ള അക്കാഡമിക്ക് വിവരങ്ങളിൽ മാറ്റം (തിരുത്തൽ) വരുത്തുവാൻ അവസരം നൽകുന്നു. **ഒക്ടോബർ 25-ാം തീയതി വൈകുന്നേരം അഞ്ച് മണി മുതൽ ഒക്ടോബർ 28-ാം തീയതി വരെ** ഓൺലൈൻ അപേക്ഷയിലെ അക്കാഡമിക് വിവരങ്ങളിൽ മാത്രം (മാർക്കിലെ തിരുത്തലുകൾ ഉൾപ്പടെ) മാറ്റങ്ങൾ വരുത്താം. ഓൺലൈൻ അപേക്ഷയിൽ തിരുത്തലുകൾ വരുത്തുന്നതിന് സർവകലാശാലയെ നേരിട്ട് സമീപിക്കേണ്ടതില്ല. സ്വന്തം നിലയ്ക്ക് അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ തിരുത്തൽ വരുത്തുവാൻ അപേക്ഷകർ ശ്രദ്ധിക്കേണ്ടതാണ്.

നിലവിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് സ്വന്തം നിലയ്ക്ക് തിരുത്തലിന് അവസരം ഇല്ല. തിരുത്തലുകൾ ആവശ്യമുള്ള അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ സർവകലാശാലയുമായി ബന്ധപ്പെടേണ്ടതാണ്. മാറ്റങ്ങൾ (തിരുത്തലുകൾ) വരുത്തിക്കഴിഞ്ഞവർ ഓൺലൈൻ അപേക്ഷയുടെ പുതിയ പ്രിന്റൗട്ട് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

Sd/-

**രജിസ്ട്രാർ**

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും **2018 ഒക്ടോബർ 26, 27, 28** തീയതികളിൽ പ്രസിദ്ധീകരിക്കുന്നതിന്)